സാഗർ-ഗംഗാ ദർശൻ യാത്രയുടെ ഉദ്ഘാടനം സ്വാമി പത്മനാഭാനന്ദ നിർവഹിക്കുന്നു. സ്വാമി സന്ദീപ് ചൈതന്യ, സ്കൂൾ ഓഫ് ഭഗവത്ഗീത ട്രസ്റ്റി ടി.പി. വേണുഗോപാൽ, സ്വാമി നിരുപമാനന്ദ എന്നിവർ സമീപം

ഗംഗയുടെ കുളിരിൽ പുതുവർഷപ്പിറവി

പി.കെ. മണികണ്ഠൻ

ഹരിദ്വാർ: ജന്മപാപങ്ങൾ ഗംഗയിലൊഴുക്കി പുണ്യത്തിൻെറ നിറകുംഭവുമായി അവർ മുങ്ങിനിവർന്നത് പുതുവർഷപ്പിറവിയിലേക്കായിരുന്നു. എല്ലു തുളയ്ക്കുന്ന ഉത്തരേന്ത്യൻ ശീതക്കാറ്റിന് പ്രാർഥന മാത്രം നിറഞ്ഞ ആ മനസ്സുകളെ തടഞ്ഞുനിർത്താനായില്ല. ഹിമാലയ പുത്രിയുടെ തീർഥ തടത്തിൽ സ്മൃതിപുണ്യം നേടിയപ്പോൾ അവർക്ക് പുതുജീവൻെറ നിർവൃതിയായിരുന്നു. സ്വാമി സന്ദീപ് ചൈതന്യയുടെ നേതൃത്വത്തിലുള്ള 'സാഗര-ഗംഗാദർശൻ യാത്ര' തപോവനഭൂമിയുടെ സുകൃതം തളിർക്കുന്ന ഹൈമവത താഴ്വരയിലെ ഹരിദ്വാറിലെത്തി. കുട്ടികളും വൃദ്ധരുമടക്കം 1200-ഓളം മലയാളികൾ പങ്കെടുക്കുന്നതാണ് യാത്ര.

രാഷ്ട്രത്തിൻെറ അഖണ്ഡതയും പ്രകൃതിയുടെ സംരക്ഷണവും സന്ദേശമാക്കിയുള്ളതാണ് സാഗര-ഗംഗാ ദർശനയാത്ര. ഒക്ടോബർ ഒമ്പതിന് കന്യാകുമാരിയിൽ തുടങ്ങിയ യാത്രയുടെ സമാപനമാണ് ഗംഗാതീരത്ത്. ഭാരതീയ പൈതൃകവും സാംസ്കാരിക പാരമ്പര്യവും ദേശീയതയും പ്രചരിപ്പിക്കുന്ന പരിപാടിയിൽ നമ്മുടെ ജീവനാഡിയായ നദികൾ മലിനമാക്കരുതെന്ന ബോധവത്കരണവും നടത്തുന്നു. ഗംഗയെ ദേശീയ നദിയായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ച ശേഷം സ്വാമി സന്ദീപ് ചൈതന്യയുടെ നേതൃത്വത്തിലുള്ള ഭഗവത്ഗീതാ സ്കൂൾ ആദ്യമായി നടത്തുന്ന യാത്രയാണിത്. കേരളത്തിലെ എല്ലാ ജില്ലകളിൽനിന്നുള്ളവരും യാത്രയിൽ അണിനിരക്കുന്നു. കന്യാകുമാരിയിൽനിന്ന് 28ന് സാഗർ-ഗംഗ പ്രത്യേക ട്രെയിനിൽ പുറപ്പെട്ട സംഘം ബുധനാഴ്ച വൈകുന്നേരത്തോടെ ഹരിദ്വാറിലെത്തി. ഗംഗാസ്വരൂപ് ആശ്രമത്തിൽ സന്ദീപ്ചൈതന്യയും ഭഗവത്ഗീതാ സ്കൂൾ ട്രസ്റ്റി ക്യാപ്റ്റൻ ടി.പി. വേണുഗോപാലും യാത്രക്കാരെ സ്വീകരിച്ചു. ഉദ്ഘാടനച്ചടങ്ങിൽ വിശിഷ്ടാതിഥിയായ ജഫികേശ് ശിവാനന്ദ ആശ്രമത്തിലെ സ്വാമി പത്മനാഭാനന്ദ സരസ്വതിയെ സ്വാമി സന്ദീപ് ചൈതന്യ പൂർണകുംഭം നൽകി വേദിയിലേയ്ക്കു ആനയിച്ചു.

നദികൾ മലിനമാക്കാൻ പാടില്ലെന്ന് മനുഷ്യസമുദായത്തിൽത്തന്നെ ആദ്യം പറഞ്ഞത് നമ്മുടെ വൈദിക പരമ്പരയാണെന്ന് സ്വാമി പത്മനാഭാനന്ദ സരസ്വതി പറഞ്ഞു.

ജീവിതത്തെ മാറ്റിമറിക്കുന്ന ഒരു ദിവസമാണിതെന്ന് സ്വാമി സന്ദീപ് ചൈതന്യ പറഞ്ഞു. ചിന്മയാനന്ദ സ്വാമികൾ ഗീതാജ്ഞാനയജ്ഞം തുടങ്ങിയത് 1951 ഡിസംബർ 31ന് ഹരിദ്വാറിലെ ഗംഗാതീരത്തായിരുന്നു. അതിൻെറ വാർഷികദിനത്തിൽത്തന്നെ ഭഗവത്ഗീതാ സ്കൂളിൻെറ നേതൃത്വത്തിലുള്ള ഗംഗാദർശനവും സ്നാനവും സാധ്യമായത് ജീവിതത്തിലെ അപൂർവ സൗഭാഗ്യമാണ്. അമ്മയായ ഗംഗയിൽ മുങ്ങിനിവർന്ന് പുതുവർഷത്തിലേക്ക് പ്രവേശിക്കാൻ കഴിഞ്ഞതും ഏറ്റവും വലിയ പുണ്യമാണെന്ന് അദ്ദേഹം പറഞ്ഞു. വയനാട് ഗായത്രി ആശ്രമത്തിലെ സ്വാമി നിരൂപമാനന്ദ, ടി.വി. വേണുഗോപാൽ, പണ്ഡിറ്റ്പവൻ, കേണൽ ജി.നായർ എന്നിവരും ചടങ്ങിൽ സംബന്ധിച്ചു.

എസ്റ്റേറ്റ് ഉടമയെ മർദിച്ച കേസിലെ പ്രതി ഗോവയിലെന്ന് സൂചന

കോഴിക്കോട്: എസ്റ്റേറ്റ് ഉടമയായ സ്ത്രീയെ തലയ്ക്കടിച്ച് പരിക്കേല്പിച്ച് പണവും ആഭരണവും കവർന്ന കേസിലെ പ്രതി ഗോവയിലേക്ക് കടന്നതായി സൂചന. ഇടുക്കി ഏലപ്പാറ ഇരവിമംഗലത്ത് ജോസഫ് വർഗീസ് എന്ന ബ്രദർ ജോഷി എന്ന സണ്ണി (38) യാണ് സംസ്ഥാനം വിട്ടതായി ക്രൈംബ്രാഞ്ച് കണ്ടെത്തിയത്.

കോഴിക്കോട് താമരശ്ശേരിയിലെ വെഴുപ്പൂർ എസ്റ്റേറ്റ് ഉടമയായ ജോളി തോമസിനെ പരിക്കേല്പിച്ചാണ് എസ്റ്റേറ്റ് സൂപ്പർവൈസറായിരുന്ന ജോസഫ് വർഗീസ് കവർച്ച നടത്തിയത്. ഇവരുടെ 11 പവൻ സ്വർണാഭരണങ്ങളും ഏഴ് ലക്ഷം രൂപയും രണ്ട് മൊബൈൽ ഫോണും കവർച്ച ചെയ്യപ്പെട്ടു. തമിഴ്നാട്ടിലെയും കർണാടകയിലെയും ചിലയിടങ്ങളിൽ സംഭവശേഷം ജോസഫ് വർഗീസിനെ കണ്ടതായും റിപ്പോർട്ടുണ്ട്. കൂടുതൽ വിവരം ലഭിച്ചാൽ 0495-2303842, 9447401592 എന്നീ നമ്പറുകളിൽ വിവരമറിയിക്കണമെന്ന് ക്രൈംബ്രാഞ്ച് അറിയിച്ചു.

ബി.ജെ.പി. സംസ്ഥാനസമിതി യോഗം തൃശ്ശൂരിൽ

തൃശ്ശൂർ: ബി.ജെ.പി. സംസ്ഥാനസമിതി യോഗം ജനവരി 2, 3, 4 തീയതികളിൽ തൃശ്ശൂർ അശോക ഇൻ ഓഡിറ്റോറിയത്തിൽ നടക്കും. ലോക്സഭാ തിരഞ്ഞെടുപ്പിന് മുന്നോടിയായി നടക്കുന്ന യോഗത്തിൽ കേരളരാഷ്ട്രീയത്തിലെ പ്രത്യേകസാഹചര്യങ്ങൾ വിലയിരുത്തുകയും പുതിയ തിരഞ്ഞെടുപ്പ്തന്ത്രങ്ങൾ ആവിഷ്കരിക്കുകയും ചെയ്യുമെന്ന് ജില്ലാ പ്രസിഡൻറ് ഇ. രഘുനന്ദനൻ പത്രസമ്മേളനത്തിൽ അറിയിച്ചു. സ്ഥാനാർത്ഥിപ്പട്ടികയും യോഗത്തിൽ തയ്യാറാക്കും. അഖിലേന്ത്യാ സെക്രട്ടറി ബൽബീർ പുഞ്ച് എം.പി., അഖിലേന്ത്യാ സംഘടനാ സെക്രട്ടറി സതീഷ്, മുൻ കേന്ദ്രമന്ത്രി ഒ. രാജഗോപാൽ, പ്രസിഡൻറ് പി.കെ. കൃഷ്ണദാസ് തുടങ്ങിയവർ സമ്മേളനത്തിൽ പങ്കെടുക്കും.

കുന്നാർ ഡാമിൽനിന്ന് ശബരിമലയിൽ വെള്ളമെത്തിക്കാൻ പദ്ധതി

ശബരിമല: സന്നിധാനത്തേക്കും പമ്പയിലേക്കും ആവശ്യമുള്ള വെള്ളം കുന്നാർ ഡാമിൽനിന്ന് എത്തിക്കാൻ പദ്ധതി തയ്യാറാക്കുന്നു. ഇതുവഴി ഓരോ സീസണിലും കോടിക്കണക്കിന് രൂപ ലാഭിക്കാനാകുമെന്നാണ് ദേവസ്വം ബോർഡിൻെറ കണക്കുകൂട്ടൽ. ഇതിനുള്ള പദ്ധതി തയ്യാറാക്കാൻ ജലവകുപ്പിനോടാവശ്യപ്പെട്ടിട്ടുണ്ടെന്ന് ദേവസ്വം ബോർഡംഗം പി.നാരായണൻ പറഞ്ഞു.

കഴിഞ്ഞ ദിവസം സന്നിധാനത്തെത്തിയ നിയമസഭാസമിതിയും ഈ നിർദേശത്തെ സ്വാഗതംചെയ്തു.

ഓരോ സീസണിലും ശരാശരി ഒന്നരക്കോടി രൂപയാണ് വെള്ളത്തിൻെറ ചാർജ്ജായി മാത്രം ഇപ്പോൾ ദേവസ്വംബോർഡ് വാട്ടർ അതോറിട്ടിക്ക് നൽകുന്നത്. വെള്ളം പമ്പുചെയ്യുന്നതിനുംമറ്റുമായി വൈദ്യുതിച്ചാർജ് ഉൾപ്പെടെയുള്ള ചെലവുകൾ വേറെയും. വാട്ടർ അതോറിട്ടി നൽകുന്ന വെള്ളത്തിൻെറ കണക്കോ ബില്ലോ കൃത്യമായി ദേവസ്വംബോർഡിന് നൽകാറില്ലെന്നും പരാതിയുണ്ട്.

ഇപ്പോൾ നാലു ഘട്ടങ്ങളിലായി പമ്പിങ് നടത്തിയാണ് പമ്പയിൽനിന്ന് വെള്ളം മരക്കൂട്ടംവരെ എത്തിക്കുന്നത്. അതേസമയം കുന്നാർ ഡാമിൻെറ സംഭരണശേഷി ഉയർത്തിയാൽ പമ്പിങ് ഇല്ലാതെതന്നെ പൈപ്പുവഴി വെള്ളം മരക്കൂട്ടത്തെത്തിച്ച് സന്നിധാനം, പമ്പ, നിലയ്ക്കൽ തുടങ്ങിയ സ്ഥലങ്ങളിൽ വിതരണം ചെയ്യാനാകും. 200 എം.എം. പൈപ്പുവഴി വെള്ളമെത്തിക്കാനാണ് ലക്ഷ്യമിടുന്നത്.

അടുത്ത തീർഥാടനകാലത്തിനുമുമ്പായി പദ്ധതി പൂർത്തിയാക്കാനാണ് പരിപാടിയെന്ന് പി. നാരായണൻ പറഞ്ഞു. മകരവിളക്ക് കഴിഞ്ഞാൽ ഇതിനുള്ള പ്രവർത്തനങ്ങൾ തുടങ്ങും.

കുന്നാറിൽ നിലവിലുള്ള ചെക്കുഡാമിൽനിന്ന് ആറ് എം.എം. കാസ്റ്റ്അയൺ പൈപ്പുവഴി ഇപ്പോൾ സന്നിധാനത്ത് ചെറിയതോതിൽ വെള്ളമെത്തിക്കുന്നുണ്ട്. 1948-ൽ തുടങ്ങിയ ഈ പദ്ധതി പിന്നീട് വിപുലപ്പെടുത്തിയിട്ടില്ല.

ശുദ്ധീകരിച്ച പമ്പാജലവുമായി 'അയ്യപ്പസേനാൻ അനന്തം'

ശബരിമല: ആന്ധ്രാപ്രദേശിൽ നിന്നുള്ള 'അയ്യപ്പസേനാൻ അനന്തം' എന്ന സംഘടനയുടെ പ്രവർത്തകർ സന്നിധാനത്ത് ശുദ്ധീകരിച്ച പമ്പാജലവിതരണം ആരംഭിച്ചു.

അയ്യപ്പസേനാൻ പ്രവർത്തകൻകൂടിയായ എൻജിനിയർ രവീൺ രൂപകല്പനചെയ്ത അത്യാധുനിക ഫിൽട്ടറിങ് മെഷീനിലൂടെ ശുദ്ധീകരിച്ചാണ് കുടിവെള്ളം നൽകുന്നത്.

പാണ്ടിത്താവളത്തേക്കുള്ള വഴിയിലാണ് ഇതിനുള്ള സംവിധാനമൊരുക്കിയിരിക്കുന്നത്.

അയ്യപ്പഭക്തനായ ദാമോദർ റെഡ്ഡിയുടെ നേതൃത്വത്തിലാണിത്. കഴിഞ്ഞ മാസം ഇവർ പമ്പയിൽ കുടിവെള്ളവിതരണം ആരംഭിച്ചിരുന്നു. അടുത്ത സീസണിൽ നടപ്പന്തലിലും കുടിവെള്ളവിതരണം ഏർപ്പെടുത്തുമെന്ന് ദാമോദർ റെഡ്ഡി പറഞ്ഞു.

വർഷങ്ങളായി സന്നിധാനത്ത് ഇവർ അന്നദാനം നടത്തിയിരുന്നു. ഇത് ദേവസ്വം ബോർഡ് തടഞ്ഞതോടെയാണ് കുടിവെള്ളവിതരണം ആരംഭിച്ചത്.

നാടകോത്സവത്തിന് യവനിക വീണു

തൃശ്ശൂർ: മലയാളികളുടെ നാടകബോധത്തിൻെറ ഔന്നത്യം ലോകത്തിനുമുമ്പിൽ കാഴ്ചവെച്ച് കേരളത്തിൻെറ പ്രഥമ അന്താരാഷ്ട്ര നാടകോത്സവത്തിന് യവനിക വീണു. ഇത്തവണയുണ്ടായ വീഴ്ചകൾ പരിഹരിച്ച് മെച്ചപ്പെട്ട തരത്തിൽ അന്താരാഷ്ട്ര നാടകോത്സവം ഇതേ വേദിയിൽ ഒരുക്കുമെന്ന പ്രഖ്യാപനത്തോടെയാണ് പത്തുദിവസം നീണ്ടുനിന്ന നാടകോത്സവം സമാപിച്ചത്.

ചില നാടകങ്ങളുടെ നിലവാരം കുറഞ്ഞുപോയെങ്കിലും നമുക്ക് അഭിമാനിക്കാൻ കഴിയുന്ന നാടകാസ്വാദക സദസ്സ് ഇവിടെയുണ്ടെന്ന് കാണിച്ചുകൊടുത്തതാണ് ഈ നാടകോത്സവത്തിൻെറ വിജയമെന്ന് സമാപനച്ചടങ്ങ് ഉദ്ഘാടനം ചെയ്ത ഡോ. സുകുമാർ അഴീക്കോട് പറഞ്ഞു.

ജീവിതത്തിൽ കാണുന്ന വൃത്തികെട്ട മൂടുപടം വലിച്ചെറിയുന്ന കലയാണ് നാടകം. തൃശ്ശൂരിൽ കേട്ട ഇന്ത്യയും പാകിസ്താനും തമ്മിലുള്ള സൗഹൃദത്തിൻെറ മധുരമായ ശബ്ദം അങ്ങ് ഡൽഹിയിൽ ഇരിക്കുന്നവർ കേൾക്കേണ്ടതാണെന്ന് അഴീക്കോട് പറഞ്ഞു.

ഇന്ത്യയിൽനിന്ന് തിരഞ്ഞെടുത്ത നാടകങ്ങൾ നിലവാരം പുലർത്തിയില്ലെന്ന ആക്ഷേപം പൂർണമനസ്സോടെ ഉൾക്കൊള്ളുന്നുവെന്ന് അധ്യക്ഷപ്രസംഗത്തിൽ സംഗീത നാടക അക്കാദമി ചെയർമാൻ മുരളി പറഞ്ഞു.

ആഫ്രിക്കൻ തീയേറ്ററിന് ഊന്നൽ നല്കിക്കൊണ്ട് അടുത്തവർഷം ഇതേസമയം തൃശ്ശൂരിൽത്തന്നെ നടത്തുന്ന നാടകോത്സവത്തിൽ ഇത്തവണത്തെ പിഴവുകൾ പരമാവധി ഒഴിവാക്കാൻ ശ്രമിക്കുമെന്നും മുരളി ഉറപ്പുനല്കി.

സംവിധായകൻ എം.കെ. റെയ്ന സഫ്ദർ ഹശ്മി അനുസ്മരണ പ്രഭാഷണം നടത്തി.

പുതുവത്സരത്തലേന്ന് കോഴിക്കോട്ട് മദ്യനിരോധനം

കോഴിക്കോട്: മാറാട് കൂട്ടക്കൊല കേസിൻെറ ശിക്ഷ പ്രഖ്യാപിക്കുന്നതിൻെറ പശ്ചാത്തലത്തിൽ കോഴിക്കോട് നഗരത്തിൽ പുതുവത്സരത്തലേന്ന് അപ്രതീക്ഷിതമായി മദ്യനിരോധനം ഏർപ്പെടുത്തി. ഒന്നാംതീയതി മദ്യവില്പന ഇല്ലാത്തതിനാൽ നിരോധനം വെള്ളിയാഴ്ച രാവിലെവരെ നീളും.

കോഴിക്കോട്, ഫറോക്ക് എക്സൈസ് റേഞ്ച് പരിധിയിലെ ബാറുകളിലെയും ബീവറേജസ് കോർപ്പറേഷൻെറ വില്പനശാലകളിലെയും മദ്യവില്പനയ്ക്കാണ് കളക്ടർ ഡോ. എ. ജയതിലക് ബുധനാഴ്ച രാവിലെ 10ന് നിരോധനം ഏർപ്പെടുത്തിയത്. മാറാട് സുരക്ഷയെ മുൻനിർത്തി പുതുവർഷാഘോഷങ്ങളുടെ ഭാഗമായി പ്രശ്നങ്ങളൊന്നും ഉണ്ടാകാതിരിക്കാനാണ് നിരോധനമേർപ്പെടുത്തിയതെന്ന് കളക്ടർ പറഞ്ഞു.

അപ്രതീക്ഷിത വിലക്ക് ഹോട്ടൽ-ബാർ ഉടമകളിലും പുതുവത്സരാഘോഷം നടത്താൻ ഒരുങ്ങിയവരിലും പ്രതിഷേധത്തിന് ഇടയാക്കി. ഹോട്ടലുകളിൽ തങ്ങി ആഘോഷം നടത്താൻ നിശ്ചയിച്ചവരിൽ ചിലർ പല സ്ഥലങ്ങളിലും വാക്കേറ്റമുണ്ടാക്കി. പുതുവത്സരം ആഘോഷിക്കാൻ എത്തുന്നവർക്കായി ഒരുക്കിയ ഭക്ഷണങ്ങളും മറ്റും ബാക്കിയായതായി ഹോട്ടലുടമകൾ അറിയിച്ചു. നഗരത്തിൽ മദ്യവില്പന നിരോധിച്ചതോടെ അയൽപ്രദേശങ്ങളായ കുന്ദമംഗലം, പരപ്പനങ്ങാടി, കൊയിലാണ്ടി എന്നിവിടങ്ങളിൽ ബാറുകളും ബീവറേജസ് ഷോപ്പുകളും തിങ്ങിനിറഞ്ഞു. മിക്ക ബീവറേജസ് ഷോപ്പുകളിലും പൊരിവെയിലിനെ വകവെക്കാതെ മദ്യം വാങ്ങാനെത്തിയവരുടെ നീണ്ട നിരയുമുണ്ടായി.

വഖഫ് സ്ഥാപനങ്ങൾ ഭരിക്കേണ്ടത് അർഹതപ്പെട്ടവർ – സമസ്ത

തേഞ്ഞിപ്പലം: വഖഫ് സ്ഥാപനങ്ങളുടെ നിയന്ത്രണവും നിർവഹണവും അർഹതപ്പെട്ടവർ മാത്രം നിർവഹിക്കേണ്ടതാണെന്ന് സുന്നി മഹല്ല് ഫെഡറേഷൻ സംസ്ഥാന പ്രസിഡൻറ് പാണക്കാട് സയ്യിദ് ഹൈദരലി ശിഹാബ് തങ്ങളും സമസ്ത കേരള ജംഇയ്യത്തുൽ ഉലമ ജനറൽ സെക്രട്ടറി ചെറുശ്ശേരി സൈനുദ്ദീൻ മുസ്ലിയാരും അഭിപ്രായപ്പെട്ടു.

മതവുമായി പറയത്തക്ക ബന്ധമില്ലാത്ത നിയമസഭ സാമാജികനെ വഖഫ് ബോർഡ് ചെയർമാനാക്കിയ നടപടി ശരിയായില്ല. 1960 മുതൽ വഖഫ് ബോർഡ് നിയന്ത്രിച്ചുവരുന്നത് ഉലമാക്കളും സാദാത്തുക്കളുമാണ്. രാഷ്ട്രീയവീക്ഷണത്തോടെ ഭരണ നിർവഹണവും നിയന്ത്രണവും നടത്തുന്നത് ന്യൂനപക്ഷങ്ങളോടും വിശ്വാസികളോടും കാണിക്കുന്ന വിശ്വാസലംഘനമാണെന്നും നേതാക്കൾ പറഞ്ഞു.

കൈക്കൂലിക്കേസിൽ വൈദ്യുതിബോർഡ് എൻജിനീയർ കുറ്റക്കാരൻ

തൃശ്ശൂർ: വടക്കാഞ്ചേരിയിൽ കെ.എസ്.ഇ.ബി. അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയറായിരുന്ന പോട്ടോർ ജെയനീഷ് വിഹാർ വി. രാധാകൃഷ്ണൻ കൈക്കൂലിക്കേസിൽ കുറ്റക്കാരനാണെന്നു വിജിലൻസ് കോടതി കണ്ടെത്തി. ശിക്ഷ എൻക്വയറി കമ്മീഷൻ ആൻഡ് വിജിലൻസ് സ്പെഷൽ ജഡ്ജ് പി.ക്യു. ബർക്കത്തലി ജനവരി 3ന് വിധിക്കും.

അധിക ലോഡ് വൈദ്യുതി അനുവദിക്കാൻ വ്യവസായിയുടെ പക്കൽനിന്ന് പതിനായിരം രൂപ കൈക്കൂലി വാങ്ങിയെന്നാണു കേസ്. അഴിമതി നിരോധനനിയമത്തിലെ ഏഴ്, 13 വകുപ്പുകൾ പ്രകാരമാണ് കുറ്റം ചുമത്തിയിട്ടുള്ളത്. ഒരു വർഷം മുതൽ ഏഴുവർഷം വരെ തടവും പിഴയും ശിക്ഷ ലഭിക്കാവുന്ന വകുപ്പുകളാണിത്.

2004 ജൂലായ് ഒന്നിനാണ് സംഭവം. കുറ്റൂരിലെ വിൽവക്സ് കേബിൾസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിക്കു അധിക ലോഡ് വൈദ്യുതി അനുവദിക്കണമെന്ന് ഉടമസ്ഥൻ പുത്തൂർക്കര സ്വദേശി കെ.ടി. അഗസ്റ്റിൻ അപേക്ഷിക്കുകയുണ്ടായി. വിയ്യൂർ സബ്ഡിവിഷൻെറ ചുമതല കൂടി വി. രാധാകൃഷ്ണന് ആയിരുന്നു.

നിലവിലുള്ള ട്രാൻസ്ഫോർമറിൽനിന്ന് വൈദ്യുതി അനുവദിക്കാവുന്നതാണെന്ന് കീഴുദ്യോഗസ്ഥൻ ഫയലിൽ എഴുതിയിരുന്നെങ്കിലും രാധാകൃഷ്ണൻ അനുകൂലിച്ചില്ല.

പണം കിട്ടിയാലേ വൈദ്യുതി അനുവദിക്കൂവെന്ന് അസി.എക്സിക്യൂട്ടീവ് എൻജിനീയർ പറഞ്ഞതായി അഗസ്റ്റിൻ പരാതിപ്പെട്ടു. വിജിലൻസ് ഉദ്യോഗസ്ഥർ ആയിരത്തിൻെറ പത്തുനോട്ടുകളിൽ രാസപദാർത്ഥം പുരട്ടി കൊടുത്തുവിട്ടു. മൂന്നു ഗസറ്റഡ് ഉദ്യോഗസ്ഥരുടെ സാന്നിധ്യത്തിൽ ഈ നോട്ടുകൾ രാധാകൃഷ്ണൻെറ പോക്കറ്റിൽനിന്ന് വിജിലൻസ് കണ്ടെടുത്തു. വിജിലൻസ് ഡിവൈഎസ്പി എം.എം. മോഹനനാണ് രാധാകൃഷ്ണനെ അറസ്റ്റ് ചെയ്ത് കേസെടുത്തത്.

ആറു സാക്ഷികളെയാണ് പ്രതിഭാഗം വിചാരണവേളയിൽ ഹാജരാക്കിയത്. പണം രാധാകൃഷ്ണൻെറ പോക്കറ്റിൽ അഗസ്റ്റിൻ ബലമായി തിരുകിക്കയറ്റിയതാണ് എന്നായിരുന്നു പ്രതിഭാഗത്തിൻെറ വാദം. അങ്ങനെയാണെങ്കിൽ മൽപ്പിടിത്തത്തിനിടയിൽ പോക്കറ്റ് കീറുമായിരുന്നുവെന്നും നോട്ടുകൾ ചുരുണ്ടുപോകുമായിരുന്നുവെന്നും പ്രോസിക്യൂഷൻ വാദിച്ചു. അതു കോടതി അംഗീകരിച്ചു.

തൃശ്ശൂർ വിജിലൻസ് അഡീഷണൽ ലീഗൽ അഡ്വൈസർ പി.കെ. മുരളീകൃഷ്ണനാണ് പ്രോസിക്യൂഷനു വേണ്ടി ഹാജരായത്.

പുതുവത്സര ആരാധനയ്ക്ക് കൊല്ലൂരിൽ ഭക്തജനത്തിരക്ക്

മംഗലാപുരം: പുതുവത്സര പ്പിറവിയിൽ ക്ഷേത്രാരാധനയ്ക്ക് കൊല്ലൂരിൽ വൻ ഭക്തജനത്തിരക്ക്. ക്രിസ്മസ് അവധിക്കാലത്ത് കേരളത്തിൽനിന്ന് കൊല്ലൂരിലേക്ക് നിലക്കാത്ത ജനപ്രവാഹം ഉണ്ടായെങ്കിലും അവധിക്കാലം കഴിഞ്ഞതോടെ അതിന് വിരാമമായി. എന്നാൽ, പുതുവത്സരം കൊല്ലൂരിൽ ആഘോഷിക്കാൻ തമിഴ്നാട്ടിൽ നിന്നുള്ളവരുടെ തിരക്കാണ് കഴിഞ്ഞദിവസം അനുഭവപ്പെട്ടത്.

കൊല്ലൂരിലുള്ള മിക്കവാറും എല്ലാ ലോഡ്ജ് മുറികളും ആഴ്ചകൾക്കുമുമ്പേ തമിഴ്നാട്ടുകാർ റിസർവ് ചെയ്തിരുന്നു. ഇക്കാര്യം അറിയാതെ കേരളത്തിൽ നിന്നെത്തിയ ഭക്തന്മാർ ബുധനാഴ്ച താമസിക്കാൻ മുറിലഭിക്കാതെ വലഞ്ഞു. മലയാളത്തിലെ ഒരു പ്രമുഖ നടിയുടെ വിവാഹത്തോടനുബന്ധിച്ച് വരുന്ന ഫിബ്രവരി 4, 5 തീയതികളിലും മിക്കവാറും ലോഡ്ജ്മുറികൾ മുൻകൂട്ടി ബുക്ക്ചെയ്തിട്ടുണ്ട്.

സത്താർവധം: മൂന്നുപേർ അറസ്റ്റിൽ

മഞ്ചേശ്വരം: മംഗൽപ്പാടി ഗ്രാമപ്പഞ്ചായത്തംഗം അബ്ദുൾസത്താർ സോങ്കാലിനെ തലയ്ക്കടിച്ച് കൊന്ന കേസിൽ മൂന്നുപേർ അറസ്റ്റിലായി. മണ്ണംകുഴി സ്വദേശിയും ബന്തിയോട്ടെ താമസക്കാരനുമായ ടെമ്പോ ഡ്രൈവർ മുഹമ്മദ് ഫാറൂഖ് (23), ഉപ്പള കൊടഞ്ചിയിലെ അബ്ദുൾറഊഫ് (19), സോങ്കാലിലെ ഇബ്രാഹിം ഖലീൽ (19) എന്നിവരെയാണ് സി.ഐ. കെ.ദാമോദരനും സംഘവും അറസ്റ്റ്ചെയ്തത്. കാസർകോട്ടെ ക്വട്ടേഷൻ സംഘത്തിൽപ്പെട്ട മൂന്നുപേരാണ് കൃത്യം നടത്തിയതെന്ന് പോലീസിന് വ്യക്തമായിട്ടുണ്ട്. അവർ ജില്ല വിട്ടുപോയിട്ടില്ലെന്നും ഉടൻ അറസ്റ്റിലാകുമെന്നും സി.ഐ. പറഞ്ഞു.

ഫാറൂഖിന് സത്താറിനോടുണ്ടായ വിദ്വേഷമാണ് കൊലയ്ക്കു പിന്നിലെന്ന് പോലീസ് പറഞ്ഞു. സത്താറിൻെറ മരുമകൻ ഇല്യാസിന് ഒരാഴ്ചമുമ്പ് കുത്തേറ്റിരുന്നു. ഫാറൂഖിൻെറ മൂന്ന് ബന്ധുക്കളായിരുന്നു ആ കേസിൽ പ്രതികൾ. അതിനുപിന്നിൽ പ്രവർത്തിച്ചത് സത്താറാണെന്നുകരുതി പകരംവീട്ടാൻ ഫാറൂഖ് തന്ത്രംമെനഞ്ഞു. ഇതിനിടെ ഫാറൂഖ് ഓടിച്ചിരുന്ന ടെമ്പോയുടെ ചക്രം കത്തിനശിച്ചു. അതോടെ ഡ്രൈവർ പണിയും ഇല്ലാതായി. തീവെപ്പിന് പിന്നിലും സത്താറാണെന്ന് കരുതിയ ഫാറൂഖ് മറ്റു രണ്ടുപേരോടൊപ്പം ചേർന്ന് സത്താറിനെ വധിക്കാൻ ഗൂഢാലോചന നടത്തുകയാണുണ്ടായതെന്ന് പോലീസ് പറഞ്ഞു.

മഞ്ചേശ്വരം എസ്.ഐ. വി.വി.മനോജ്, എ.എസ്.ഐ.മാരായ എം.പി.സുരേന്ദ്രൻ, വേലായുധൻ, കെ.രാഘവൻ, പോലീസുകാരായ ഇസ്മയിൽ, ബാലചന്ദ്രൻ, ഫിലിപ്പ് തുടങ്ങിയവരാണ് അന്വേഷണസംഘത്തിലുള്ളത്.

ഗ്യാസ് ഏജൻസി വിതരണപരിധി രണ്ടുമാസത്തിനകം നിർണയിക്കും

കോഴിക്കോട്: പാചകവാതകം വിതരണം ചെയ്യുന്ന ഏജൻസികളുടെ പ്രവർത്തനപരിധി രണ്ടുമാസത്തിനകം പുനർനിർണയിക്കുമെന്ന് എണ്ണക്കമ്പനികൾ അറിയിച്ചു. ഗ്യാസ് ഏജൻസികൾ പാചകവാതകവിതരണത്തിന് അന്യായമായി സർവീസ് ചാർജ് ഈടാക്കുന്നുവെന്ന് ആരോപിച്ച് യുവജനതാദൾ സംസ്ഥാന ജനറൽ സെക്രട്ടറി സലീം മടവൂർ നൽകിയ പരാതിയെ തുടർന്ന് ഭക്ഷ്യ, സിവിൽ സപ്ലൈസ് വകുപ്പ് സെക്രട്ടറി വിളിച്ചുചേർത്ത യോഗത്തിലാണ് കമ്പനികൾ ഇക്കാര്യം അറിയിച്ചത്.

തലശ്ശേരി, പാനൂർ മേഖലകളിൽ പരക്കെ അക്രമം

തലശ്ശേരി: പാനൂർ, തലശ്ശേരി മേഖലകളിൽ സി.പി.എം.- ബി.ജെ.പി. പ്രവർത്തകർ പരക്കെ ഏറ്റുമുട്ടി. സി.പി.എം. പ്രവർത്തകൻ ചക്യത്ത്മുക്കിലെ പുതിയ പുരയിൽ മോഹൻലാൽ എന്ന ലാലു (29)വിനെ വെട്ടേറ്റ നിലയിൽ കോഴിക്കോട് ആസ്പത്രിയിലേക്ക് മാറ്റി. ബോംബേറിൽ പരിക്കേറ്റ സി.പി.എം. പ്രവർത്തകരായ ചക്യത്ത്മുക്കിലെ കരിമ്പിൽ വീട്ടിൽ സന്തോഷ് (30), കുന്നുമ്പുറത്ത് വീട്ടിൽ സുരേഷ് (40), പുല്ലേരി താഴ വാഴയിൽ മജീദ് (35) എന്നിവർ പരിക്കേറ്റ് തലശ്ശേരി സഹകരണ ആസ്പത്രിയിൽ ചികിത്സയിലാണ്. ചക്യത്ത്മുക്ക്വെച്ച് ആയുധധാരികളായ സംഘം വരുന്നതുകണ്ട് ഇവർ ചിതറിയോടുന്നതിനിടയിൽ ബോംബെറിയുകയാണുണ്ടായത്.

ബി.ജെ.പി. പ്രവർത്തകൻ കൂരാറ, മണ്ടോളിൽ വലിയപറമ്പത്ത് മീത്തൽ നാണുവിൻെറ വീടിൻെറ വാതിലുകൾ തകർത്ത് അകത്തുകയറിയാണ് അക്രമം നടത്തിയത്. ഇരു കൈകൾക്കും കാലിനും ഗുരുതരമായി പരിക്കേറ്റ നാണുവിനെ തലശ്ശേരി ഇന്ദിരാഗാന്ധി സഹകരണ ആസ്പത്രിയിൽ പ്രഥമിക ശുശ്രൂഷ നൽകിയശേഷം കോഴിക്കോട് മെഡിക്കൽ കോളേജ് ആസ്പത്രിയിലേക്ക് മാറ്റി.

തൂവക്കുന്ന് വർക്ക്ഷാപ്പ് പരിസരത്ത് വാഹനം തടഞ്ഞുനിർത്തിയാണ് സി.പി.എം. പ്രവർത്തകൻ കൊളവല്ലൂർ ചിറ്റാരിത്തോട് നന്ദോൻറവിട വീട്ടിൽ രവിയെ (55) വെട്ടിപ്പരിക്കേല്പിച്ചത്. മരംമുറി തൊഴിലാളിയായ രവി ടെമ്പോ വാനിൽ വിറകുമായി പാറാട് ഭാഗത്തേക്ക് പോകുമ്പോഴാണ് അക്രമം.

വാഹനം തടഞ്ഞുനിർത്തി ബോംബെറിഞ്ഞ് വെട്ടി പരിക്കേല്പിക്കുകയായിരുന്നു. നെഞ്ചിനും കാലിനും പുറത്തും പരിക്കേറ്റു. ബുധനാഴ്ച ഉച്ചയ്ക്ക് 2.45നാണ് സംഭവം. തലശ്ശേരി സഹകരണ ആസ്പത്രിയിൽ പ്രാഥമിക ശുശ്രൂഷ നൽകിയശേഷം കോഴിക്കോട് ബേബി മെമ്മോറിയൽ ആസ്പത്രിയിലേക്ക് മാറ്റി.

ബി.ജെ.പി. പ്രവർത്തകനും ടാക്സി ഡ്രൈവറുമായ ചെറുപ്പറമ്പിലെ മൊട്ടേമ്മൽ രജീഷിനെ (30) ചെറുപ്പറമ്പ് ഫിനിക്സ് ലൈബ്രറി പരിസരത്തുവെച്ച് ബോംബെറിഞ്ഞ് ആക്രമിക്കുകയാണുണ്ടായത്. രക്ഷപ്പെടാൻ അടുത്ത വീട്ടിലേക്ക് ഓടിക്കയറിയ രജീഷിനെ ആക്രമിക്കുന്നത് തടയാൻ ശ്രമിച്ചപ്പോഴാണ് ജനതാദൾ പ്രവർത്തകൻ ചെറുപ്പറമ്പിലെ കറുത്തൻറവിട മാറോളി കൃഷ്ണന് വെട്ടേറ്റത്. മുറിഞ്ഞുവീണ കൈയുമായാണ് കൃഷ്ണനെ തലശ്ശേരി ഇന്ദിരാഗാന്ധി സഹകരണ ആസ്പത്രിയിലെത്തിച്ചത്. ഇരുവരെയും പിന്നീട് കോഴിക്കോട് മെഡിക്കൽ കോളേജ് ആസ്പത്രിയിലേക്ക് മാറ്റി. രജീഷിന് ഇരുകൈകൾക്കും തലയ്ക്കും ചുമലിനും വെട്ടേറ്റു. രജീഷിനെ കോഴിക്കോട് മെഡിക്കൽ കോളേജ് ആസ്പത്രിയിലേക്ക് കൊണ്ടുപോകുമ്പോൾ ചക്യത്ത്മുക്കിൽ ആംബുലൻസിനുനേരെ കല്ലേറ് നടന്നതായി ബി.ജെ.പി. ആരോപിച്ചു.

തലശ്ശേരിയിൽ ഹർത്താൽ

തലശ്ശേരി: ചക്യത്ത്മുക്ക് മയ്യഴിക്കാരൻറവിട ലതേഷിൻെറ കൊലപാതകത്തിൽ പ്രതിഷേധിച്ച് വ്യാഴാഴ്ച രാവിലെ ആറുമുതൽ വൈകിട്ട് ആറുവരെ ഹർത്താലിന് സി.പി.എം. ആഹ്വാനം ചെയ്തു. തലശ്ശേരി ഏരിയ, പിണറായി, ധർമ്മടം എന്നീ പഞ്ചായത്തുകളിലുമാണ് ഹർത്താൽ. വാഹനം, ഹോട്ടൽ, ചായക്കട, മരുന്ന്ഷാപ്പ് എന്നിവയെ ഹർത്താലിൽനിന്ന് ഒഴിവാക്കി.

നിരോധനാജ്ഞ

കണ്ണൂർ: പാനൂർ, ചൊക്ലി, കൊളവല്ലൂർ, കതിരൂർ, കണ്ണവം, കൂത്തുപറമ്പ് സ്റ്റേഷൻ അതിർത്തിക്കുള്ളിൽ അഞ്ചുദിവസത്തേക്ക് നിരോധനാജ്ഞ പ്രഖ്യാപിച്ചു.

പരീക്ഷകഴിഞ്ഞ് മടങ്ങുമ്പോൾ വിദ്യാർഥിനി കാറിടിച്ച് മരിച്ചു

ശ്രീകൃഷ്ണപുരം: കോട്ടപ്പുറം കരിമ്പുഴ ഹയർസെക്കൻഡറി സ്കൂൾ ഒമ്പതാംക്ലാസ് വിദ്യാർഥിനി തോട്ടര പാട്ടത്തൊടി ഷഹ്‌ല (14) സ്കൂളിനുമുന്നിൽ കാറിടിച്ച് മരിച്ചു. ബുധനാഴ്ച ഉച്ചയ്ക്ക് ഒരുമണിയോടെ സ്കൂളിൽനിന്ന് ക്ലാസ്പരീക്ഷകഴിഞ്ഞ് മടങ്ങുമ്പോഴാണ് സംഭവം. റോഡ് മുറിച്ചുകടക്കുമ്പോൾ മണ്ണാർക്കാടുഭാഗത്തുനിന്ന് വന്ന കാറാണ് ഷഹ്‌ലയെ ഇടിച്ചുതെറിപ്പിച്ചത്. പെരിന്തൽമണ്ണയിലെ സ്വകാര്യാസ്പത്രിയിലേക്ക് കൊണ്ടുപോയെങ്കിലും വഴിമധ്യേ മരിച്ചു. അച്ഛൻ: മുഹമ്മദ്കുട്ടി. അമ്മ: ഷീബ. സഹോദരങ്ങൾ: ഷഹന, സനിയ. ശ്രീകൃഷ്ണപുരം പോലീസ് ഇൻക്വസ്റ്റ് നടത്തി.

ടിപ്പർലോറിയിടിച്ച് സ്കൂൾവിദ്യാർഥി മരിച്ചു

കോന്നി: സ്കൂൾവിട്ട് സൈക്കിളിൽ വീട്ടിലേക്കു പോവുകയായിരുന്ന വിദ്യാർഥി ടിപ്പർലോറിയിടിച്ച് മരിച്ചു. പ്രമാടം നേതാജി ഹയർ സെക്കൻഡറി സ്കൂളിലെ പത്താംതരം വിദ്യാർഥി പ്രമാടം പുല്ലുവിളയിൽ സുജിത് പി. രാജു (15) ആണ് മരിച്ചത്. പി.രാജുവിൻെറയും മറിയാമ്മയുടെയും മകനാണ്. ബുധനാഴ്ച വൈകീട്ട് 4.15നാണ് സംഭവം. പൂങ്കാവിൽനിന്ന് അമിതവേഗത്തിൽ വന്ന ടിപ്പർലോറി സുജിത്തിനെ ഇടിച്ചുവീഴ്ത്തുകയായിരുന്നു. സുജിത് തൽക്ഷണം മരിച്ചു. സുനിത് പി. രാജു (കാതോലിക്കേറ്റ് കോളേജ് വിദ്യാർഥി, പത്തനംതിട്ട) സഹോദരനാണ്.

വീട്ടമ്മ വീട്ടിനുള്ളിൽ മരിച്ചനിലയിൽ

അഞ്ചൽ: വീട്ടമ്മയെ ദുരൂഹസാഹചര്യത്തിൽ വീട്ടിനുള്ളിലെ കക്കൂസിൽമരിച്ചനിലയിൽ കണ്ടെത്തി. വാളകം എം.എൽ.എ. ജങ്ഷൻ വാരിക്കോട് തെങ്ങുവിളവീട്ടിൽ മേരിക്കുട്ടി (53) യാണ് മരിച്ചത്. ഭർത്താവ് ഉപേക്ഷിച്ച ഇവർ വീട്ടിൽ ഒറ്റയ്ക്ക് താമസിക്കുകയായിരുന്നു.

സംഭവത്തെക്കുറിച്ച് പോലീസ് പറയുന്നതിങ്ങനെ: റബ്ബർ തോട്ടത്തിൻെറ നടുക്കുള്ള മേരിക്കുട്ടിയുടെ വീടിൻെറ പിറകുവശത്തെ വാതിൽ തുറന്നു കിടക്കുകയായിരുന്നു. സംശയംതോന്നിയ റബ്ബർ ടാപ്പിങ് തൊഴിലാളി പലതവണ വിളിച്ചിട്ടും വിളികേൾക്കാത്തതിനാൽ മേരിക്കുട്ടിയുടെ ബന്ധുക്കളെ വിവരം അറിയിച്ചു. തുടർന്നു നടത്തിയ തിരച്ചിലിലാണ് വീട്ടിനുള്ളിലെ കക്കൂസിൽ മരിച്ച നിലയിൽ വീട്ടമ്മയെ കണ്ടെത്തിയത്.

വീട്ടിനുള്ളിൽ രക്തം തളംകെട്ടി കട്ടപിടിച്ച് കിടന്നതിൽ ബന്ധുക്കൾക്കും നാട്ടുകാർക്കും സംശയം ഉണ്ടായി. എന്നാൽ മേരി രക്തം ഛർദ്ദിച്ചതാകാം എന്നാണ് പോലീസ് പറയുന്നത്. വീട്ടിനുള്ളിൽ മോഷണശ്രമമോ മറ്റ് വല്ലതുമോ നടന്നതിൻെറ ഒരു ലക്ഷണവുമില്ല. മൃതദേഹം പോസ്റ്റ് മോർട്ടത്തിനായി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആസ്പത്രിയിലേക്ക് കൊണ്ടുപോയി. സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തുന്നുണ്ടെന്ന് അഞ്ചൽ എസ്.ഐ. ഷാജുകുമാർ പറഞ്ഞു.

അലിഗഢ് സെൻറർ: സ്ഥലം അനുവദിക്കണം -യൂത്ത് ലീഗ്

കോഴിക്കോട്: മലപ്പുറം ജില്ലയ്ക്കനുവദിച്ച അലിഗഢ് സർവകലാശാലാസെൻററിന് സ്ഥലമനുവദിക്കാതെ സംസ്ഥാനസർക്കാർ നടത്തുന്ന രാഷ്ട്രീയക്കളി അവസാനിപ്പിക്കണമെന്ന് യൂത്ത് ലീഗ് ആവശ്യപ്പെട്ടു. സംസ്ഥാന വൈസ് പ്രസിഡൻറ് കെ.ടി.എ. ജബ്ബാർ അധ്യക്ഷത വഹിച്ചു.

മോഡിയുടെ മാതൃക: അബ്ദുള്ളക്കുട്ടിയോട് വിശദീകരണം തേടുമെന്ന് സി.പി.എം.

കണ്ണൂർ: വികസനകാര്യത്തിൽ ഗുജറാത്ത് മുഖ്യമന്ത്രി നരേന്ദ്ര മോഡിയെ മാതൃകയാക്കണമെന്ന പരാമർശത്തെക്കുറിച്ച് എ.പി.അബ്ദുള്ളക്കുട്ടി എം.പിയോട് വിശദീകരണം തേടുമെന്ന് സി.പി.എം. ജില്ലാസെക്രട്ടറി പി.ശശി പറഞ്ഞു.

ജനവിരുദ്ധനേതാവായ മോഡിയുടെ ഒരുനിലപാടും സി.പി.എമ്മിന് അനുകരിക്കാൻ പറ്റുന്നതാണെന്ന് കരുതുന്നില്ല. അമേരിക്കയുടെ നയമാണ് നരേന്ദ്രമോഡിയ്ക്കും ബി.ജെ.പിയ്ക്കും. ഇത് സി.പി.എമ്മിന് അംഗീകരിക്കാൻ കഴിയാത്തതാണ്. ദുബായിൽനിന്ന് അബ്ദുള്ളക്കുട്ടി മടങ്ങിവന്നാൽ വിശദീകരണം തേടുകയും അതിനെ പാർട്ടിരീതിയിൽ കൈകാര്യംചെയ്യുകയും ചെയ്യും. തിരുത്തേണ്ടതാണെങ്കിൽ തിരുത്തുകതന്നെ ചെയ്യും -അദ്ദേഹം പറഞ്ഞു.

കുടകിൽ കാട്ടാനകളെ തളയ്ക്കാനുള്ള ദൗത്യം വിജയത്തിലേക്ക്

വീരാജ്പേട്ട്: കുടക് മാൽദാരെ മേഖലയിൽ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തിയിരുന്ന കാട്ടാനകളെ പിടികൂടാനുള്ള ദൗത്യം വിജയത്തിലേക്ക്. ദൗത്യം തുടങ്ങി 20 ദിവസം പിന്നിടുമ്പോഴേക്കും മൂന്ന് കാട്ടാനകൾ പിടിയിലായി. രണ്ട് മാസംകൊണ്ട് ആറ് കാട്ടാനകളെ തളയ്ക്കാനാണ് സംഘം ഉദ്ദേശിച്ചിരുന്നത്. ദുബാരെ ആനവളർത്തൽ കേന്ദ്രത്തിലെ ആറ് ആനകളടങ്ങുന്ന സംഘമാണ് കാട്ടാനകളെ പിടിക്കാനിറങ്ങിയിട്ടുള്ളത്. ഈയിടെ കാട്ടാന രണ്ടുപേരെ കൊന്നിരുന്നു.

ഡിസംബർ 10ന് സംഘം കാട്ടിൽ പ്രവേശിച്ചു. 16ന് ആദ്യത്തെ ആനയെ തളച്ചു. ഇതിനെ പിടിക്കുന്നതിന് തൊട്ടുമുമ്പ് ദൗത്യസംഘത്തിലുണ്ടായിരുന്ന രണ്ട് ആനകൾക്ക് പരിക്കേറ്റു. അമ്മാലെ എന്ന സ്ഥലത്ത് മറ്റൊരു കാട്ടുകൊമ്പനും ദൗത്യസംഘത്തിലെ ആനകളെ ആക്രമിച്ചു.

മൂന്നാമതായി പിടിയിലായ കാട്ടാനയാണ് ദൊഡഹാഡ്‌ലു മേഖലയിൽ കനത്ത നാശം വിതച്ചതെന്ന് വനം വകുപ്പധികൃതർ പറഞ്ഞു. തളച്ച മൂന്ന് ആനകളെയും ദുബാരെ ആനവളർത്തു കേന്ദ്രത്തിലേക്ക് മാറ്റി. ഇവയെ ഇവിടെ മെരുക്കാനാണ് തിരുമാനം. കാട്ടാനശല്യം രൂക്ഷമായതിനെ തുടർന്ന് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ആണ് ഇവയെ പിടികൂടാൻ അനുമതി നല്കിയത്.

കുടക് മാൽദാരെ മേഖലയിൽ നാശംവിതച്ച കാട്ടാനയെ ദുബാരെ ആനവളർത്തുകേന്ദ്രത്തിലേക്ക് കൊണ്ടുപോകുന്നു

സ്വർണത്തട്ടിപ്പ്: മൂന്ന് ബിഹാറികൾ അറസ്റ്റിൽ

ഇരിങ്ങാലക്കുട: സ്വർണ്ണാഭരണങ്ങൾക്ക് തിളക്കം കൂട്ടാനെന്ന വ്യാജേനയെത്തി തട്ടിപ്പ് നടത്തിയ മൂന്ന് ബിഹാർ സ്വദേശികളെ ഇരിങ്ങാലക്കുട പോലീസ് അറസ്റ്റ് ചെയ്തു. നരേഷ്കുമാർ(17), രാജ(17), കുസ്കുമാർ(17) എന്നിവരാണ് അറസ്റ്റിലായത്.

കഴിഞ്ഞദിവസം മാപ്രാണം പള്ളിക്ക് സമീപമുള്ള വീട്ടിലെ മാല തിളക്കം കൂട്ടുന്നതിനിടയിലാണ് 4 ഗ്രാം സ്വർണ്ണം ഇവർ തട്ടിയത്. 17 ഗ്രാം തൂക്കമുണ്ടായിരുന്ന സ്വർണ്ണമാല ലായനിയിൽ മുക്കി ബ്രഷ് ഉപയോഗിച്ച് തേച്ച് തിളക്കം കൂട്ടിയെടുത്തപ്പോൾ 13 ഗ്രാമേ ഉണ്ടായിരുന്നുള്ളൂ. സംശയം തോന്നിയ വീട്ടുകാർ പോലീസിൽ പരാതി നൽകിയതിനെത്തുടർന്നാണ് അറസ്റ്റ്.

നികുതിയടയ്ക്കാതെ കടത്തിയ ഒമ്പതുകിലോ സ്വർണം പിടിച്ചു

കണ്ണൂർ: നികുതി അടയ്ക്കാതെ തീവണ്ടിമാർഗം കടത്തിയ ഒമ്പത് കിലോ സ്വർണാഭരണങ്ങൾ കണ്ണൂരിൽ റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ് പിടികൂടി. ബുധനാഴ്ച രാവിലെ മംഗലാപുരത്തുനിന്ന് ലിങ്ക് എക്സ്പ്രസ്സിൽ എത്തിയ രാജസ്ഥാൻ സ്വദേശി ഭഗത്സിങ്ങിൻെറ ബാഗിൽനിന്നാണ് ഇത് പിടിച്ചെടുത്തത്. സംശയം തോന്നി പെട്ടി പരിശോധിക്കുകയാണുണ്ടായത്.

ആഭരണങ്ങൾ ആർ.പി.എഫിൻെറ കസ്റ്റഡിയിലാണുള്ളത്. ഇൻകം ടാക്സ്, സെയിൽസ് ടാക്സ് അധികൃതരെ വിവരം അറിയിച്ചിട്ടുണ്ട്. 15 ലക്ഷം രൂപ നികുതി അടച്ചാലേ സ്വർണം വിട്ടുകൊടുക്കുകയുള്ളൂവെന്ന് അധികൃതർ അറിയിച്ചു. നികുതി അടച്ചില്ലെങ്കിൽ വ്യാഴാഴ്ച ട്രഷറിയിൽ സൂക്ഷിക്കാൻ ഏല്പിക്കും.

പട്ടാപ്പകൽ യുവതിയെ കെട്ടിയിട്ട് ആഭരണങ്ങൾ കവർന്നു

പൊയിനാച്ചി: ഗ്യാസ് സ്റ്റൗവ് നന്നാക്കാനെന്നപേരിൽ എത്തിയ യുവാക്കൾ യുവതിയെ പട്ടാപ്പകൽ വീട്ടിനുള്ളിൽ കെട്ടിയിട്ട് ആഭരണങ്ങൾ കവർന്നു. ചട്ടഞ്ചാൽ കാവുംപള്ളത്തെ ഭജനമന്ദിരത്തിന് സമീപം കണ്ണൻെറ വീട്ടിലാണ് സംഭവം. കണ്ണൻെറ മകൾ സുനിത (22)യെയാണ് കെട്ടിയിട്ട് കവർച്ചനടത്തിയത്.

ബുധനാഴ്ച ഉച്ചയ്ക്ക് പതിനൊന്ന് മണിയോടെ വീട്ടിലെത്തിയ യുവാക്കൾ ഗ്യാസ് സ്റ്റൗവ് നന്നാക്കാനെന്ന പേരിൽ വീട്ടിനകത്തുകയറി. മറ്റാരും സ്ഥലത്തില്ലെന്ന് ബോധ്യമായപ്പോൾ സുനിതയെ തുണികൊണ്ട് വായ മൂടിക്കെട്ടുകയും കൈയുംകാലും ബന്ധിക്കുകയും ചെയ്തു. സുനിതയുടെ മോതിരം, കഴുത്തിലെ അരപവൻെറമാല, അലമാരയിൽ സൂക്ഷിച്ചിരുന്ന ഒന്നരപവൻെറ മാല എന്നിവയാണ് നഷ്ടപ്പെട്ടത്. അങ്കണവാടി ജീവനക്കാരിയായ അമ്മ വൈകുന്നേരം മൂന്നരയ്ക്ക് വീട്ടിലെത്തിയപ്പോഴാണ് സംഭവം പുറത്തറിഞ്ഞത്. ബന്ധനത്തിലായിരുന്ന സുനിതയെ രക്ഷപ്പെടുത്തി പോലീസിൽ വിവരം അറിയിക്കുകയായിരുന്നു. കാസർകോട് ടൗൺ പോലീസ് കേസെടുത്ത് അന്വേഷിക്കുന്നു. തൃശ്ശൂർഭാഷ സംസാരിക്കുന്ന യുവാക്കളാണ് വീട്ടിലെത്തിയതെന്നും സുനിത പോലീസിനോട് പറഞ്ഞു.